## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1614 — 11.2.2013-ൽ മറുപടിക്ക്

### ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയുടെ നൂറാം വാർഷികം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നൂറാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റി എന്തെല്ലാം വികസന പദ്ധതികളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | ആറ്റിങ്ങൽ നഗരസഭയുടെ നൂറാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി നഗരസഭയും, മലയാള മനോരമയും, ഫെറയും സംയുക്തമായി മേഖലയുടെ വികസനം ലക്ഷ്യമിട്ട് **'ആറ്റിങ്ങൽ വികസന സെമിനാർ'** സംഘടിപ്പിക്കുകയും താഴെ പറയുന്ന വികസന പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1) ദേശീയപാത വികസനം -മണമ്പൂർ മുതൽ മാമം വരെയുള്ള ബൈപാസ് നിർമ്മാണം.<br><br>2) നിലവിലുള്ള ദേശീയപാത - പൂവൻപാറ മുതൽ മാമം വരെയുള്ള ദേശീയപാതുടെ വികസനം.<br><br>3) കൊല്ലമ്പുഴ ടൂറിസം പദ്ധതി - പൂവൻപാറ തടയണ വരെ നീട്ടുന്നതിനുള്ള പദ്ധതി.<br><br>4) നഗരസഭയുടെ ഓണാഘോഷം ടൂറിസം വാരാഘോഷത്തിന്റെ ഭാഗമാക്കണം.<br><br>5) വലിയകുന്ന് ആശുപത്രിയിൽ ട്രോമോ കെയർ യൂണിറ്റ് സ്ഥാപിക്കുക.<br><br>6) ഗവ:സിദ്ധ ഡിസ്പെൻസറിയെ 20 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുക. |

| | |
|---|---|
| | 7) വലിയകുന്ന് സ്റ്റേഡിയം പണി പൂർത്തിയാക്കുക.<br><br>8) BMIC പദ്ധതി പ്രകാരമുള്ള ഇടറോഡുകളുടെ വികസനം.<br><br>9) ഖരമാലിന്യ പ്ലാന്റ് വിപുലീകരണം.<br><br>10) നഗരസഭയിൽ സിവറേജ് പദ്ധതി നടപ്പിലാക്കുക. |
| ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം ശുപാർശകളാണ് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി നഗരകാര്യവകുപ്പിന് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br><br>സി) ഇതിൽ ഏതെല്ലാം പരിഗണിക്കാമെന്ന് വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | ബി) & സി) ആറ്റിങ്ങൽ നഗരസഭ നഗരകാര്യ വകുപ്പിന് ശുപാർശകൾ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ